(ബി) ഓരോ പഞ്ചായത്തിലും ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി ആരംഭിക്കുവാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഞാറയ്ക്കൽ മണ്ഡലത്തിലെ പൊക്കാളി കൃഷി സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രോജക്ട് തയ്യാറാക്കി അത് അംഗീകരിക്കുകയും പ്രോജക്ടിന്റെ പുതുക്കിയ എസ്റ്റിമേറ്റ് നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുമുണ്ട്. കൂടാതെ രാമവർമ്മ തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനും ആഴം കൂട്ടുന്നതിനുമായി 15.46 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇളങ്കുന്നപ്പുഴ പഞ്ചായത്തിൽ കുറിച്ചിപ്പാടം പാടശേഖരത്തിൽ 7.12 ലക്ഷം രൂപ ചെലവഴിച്ച് ഒരു സ്ലൂയിസ് പണി കഴിപ്പിച്ചിട്ടുണ്ട്.

(ബി) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. †

(സി) പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി നബാർഡിന് സമർപ്പിച്ചിരിക്കുകയാണ്.

പെർളയിലെ റിസർച്ച് സെന്റർ

128 [2117] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ കീടനാശിനി തളിച്ചതുമൂലം വിവിധ അസുഖങ്ങൾ ബാധിച്ചിട്ടുള്ളവരുടെ പുനരധിവാസത്തിന്റെ ഭാഗമായി പെർളയിൽ (എൺമകജെ പഞ്ചായത്ത്) ഒരു റിസർച്ച് സെന്റർ സ്ഥാപിക്കാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നോ;

(ബി) ഇക്കാര്യത്തിൽ ഈ ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൃഷിവകുപ്പിന്റെ പരിഗണനയിലില്ല.

ചോദ്യം നമ്പർ (2118)-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

കാർഷിക കയറുമതി മേഖലയുടെ പ്രശ്നങ്ങൾ

129 [2119] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, എ. സി. ജോയ്തീൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കാർഷിക കയറുമതി മേഖലയുടെ പ്രവർത്തനങ്ങൾ കൃഷിക്കാർക്ക് ഏതെല്ലാം വിധത്തിൽ ഗുണകരമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദ വിവരം വെളിപ്പെടുത്താമോ;

(സി) കാർഷിക കയറ്റുമതി മേഖലയുടെ പ്രവർത്തനം ആരംഭിച്ചതിന് ശേഷം നടന്നിട്ടുള്ള പ്രധാനപ്പെട്ട കയറ്റുമതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കാർഷിക കയറ്റുമതി പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് ലഭിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ് എന്ന് പറയാമോ;

(ഇ) ഏതെല്ലാം വിളകളാണ് ഇപ്പോൾ കയറ്റുമതി ചെയ്യുന്നതെന്നും അവ എത്ര വീതമാണെന്നും വെളിപ്പെടുത്താമോ;

(എഫ്) കയറ്റുമതി ലക്ഷ്യമാക്കി വിളകളുടെ കൃഷി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിനായി ചില ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത ഘടകങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കാർഷിക കയറ്റുമതി മേഖലയുടെ പ്രവർത്തനം ആരംഭിച്ചതിനു ശേഷം 2003-04-ൽ 18556.71 ലക്ഷം രൂപയുടേയും 2004-05 ജൂൺ മാസംവരെ 4642.6 ലക്ഷം രൂപയുടേയും മൂല്യമുള്ള പഴം, പച്ചക്കറി ഇനങ്ങൾ കേരളത്തിൽ കയറ്റുമതി ചെയ്തിട്ടുണ്ട്.

(ഡി) മെച്ചപ്പെട്ട പരിശീലനം, സൗജന്യ നിരക്കിൽ ഉൽപ്പാദനോപാധികൾ, ബാങ്ക് വായ്പ, വിപണനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, നേരിട്ടുള്ള വിപണനം, മെച്ചപ്പെട്ട വില എന്നിവ കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് ലഭിക്കുന്നു.

(ഇ)

	2003-04	2004-05
വാഴപ്പഴം	461	490
പൈനാപ്പിൾ	466	675
പച്ചക്കറി	184	336
ആകെ	1111 ടൺ	1501 ടൺ

വി. എഫ്. പി. സി. കെ. (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ) നേരിട്ട് വിവിധതരം വാഴപ്പഴങ്ങൾ, പൈനാപ്പിൾ, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗ വിളകൾ എന്നിവ കയറ്റുമതി ചെയ്യുന്നുണ്ട്. ഇപ്പോൾ പ്രതിവാരം 10 മുതൽ 15 ടൺ വരെയാണ് ഇവയുടെ കയറ്റുമതി.

(എഫ്) ഉണ്ട്. 2005-06-ൽ വാഴ, പൈനാപ്പിൾ, പച്ചക്കറി എന്നിവ യഥാക്രമം 1100, 150, 1500 ഹെക്ടറുകളിൽകൂടി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ 20 വാണിജ്യാടിസ്ഥാന ഫാമുകൾ വഴി കൃഷി വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഔഷധ സസ്യങ്ങൾ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്കായുള്ള കാർഷിക കയറ്റുമതി മേഖലാ പദ്ധതി പ്രകാരം 2005-06 വരെയുള്ള പ്രോജക്ട് കാലാവധിക്കുള്ളിൽ 2025 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ള കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം ഉണ്ടാക്കുന്നതിനായി സെമിനാറുകളും പരിശീലന പരിപാടികളും നടത്തുന്നുണ്ട്.

അന്താരാഷ്ട്ര വിപണിയിൽ കാർഷിക വിളകൾ മത്സരക്ഷമമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണ നിലവാരം ഉയർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ

130 [2120] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ:
,, വി. ചെന്താമരാക്ഷൻ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക വ്യാപാര കരാറിലെ ഗുണവശങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ദോഷങ്ങളുടെ തീവ്രത പരമാവധി കുറയ്ക്കുന്നതിനും കാർഷിക മേഖലയിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) അന്താരാഷ്ട്ര വിപണിയിൽ കാർഷിക വിളകൾ മത്സരക്ഷമമാക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി,സി,ഡി ആൻഡ് ഇ) ആഗോളവൽക്കരണത്തിന്റെ ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുന്നതിനും നല്ല വശങ്ങൾ പ്രയോജനം ചെയ്ത് കാർഷിക മേഖലയെ അന്താരാഷ്ട്ര മൽസരത്തിന് പ്രാപ്തമാക്കുന്നതിനും ഉതകുന്ന ശുപാർശകൾ സമർപ്പിക്കുന്നതിനായി ഡോ. എം. എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായി ഒരു കമ്മീഷൻ രൂപീകരിക്കുകയും അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ഉണ്ടായി. കേന്ദ്ര സർക്കാർ തലത്തിലും സംസ്ഥാന സർക്കാർ തലത്തിലും നടപടി സ്വീകരിക്കേണ്ട ശുപാർശകൾ റിപ്പോർട്ടിൽ അടങ്ങിയിരുന്നു. സംസ്ഥാന തലത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കാർഷിക വ്യാപാര കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും. ഈ സമിതിയെ സഹായിക്കാനായി സാമ്പത്തിക ലോക വ്യാപാര കാര്യങ്ങളിൽ വിദഗ്ദ്ധയായ ഒരു ഐ. ഇ. എസ്. ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ

LIBRARY ARCHIVES Kerala Legislative Assembly